പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**പോലീസ് സൈബർ, ഇന്റലിജൻസ് വിഭാഗങ്ങളിലേക്ക് നേരിട്ടുള്ള നിയമനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :74

4/06/2018-ൽ മറുപടിക്ക്

ചോദ്യം

ശ്രീ.എസ്.രാജേന്ദ്രൻ

മറുപടി

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളാ പോലീസ് സേനയിലെ സി.പി.ഒ. മുതലുള്ള ഉദ്യോഗസ്ഥർ, പ്രത്യേക അറിവും സാങ്കേതിക പരിജ്ഞാനവും ആവശ്യമുള്ള സൈബർ, ഇന്റലിജൻസ് വിഭാഗങ്ങളിൽ സേവനം അനുഷ്ഠിക്കുന്നത് പോലീസ് സേനയെ പൊതുജന മദ്ധ്യത്തിൽ മോശമായി ചിത്രീകരിക്കുന്നതിന് കാരണമായിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രത്യേക അറിവും സാങ്കേതിക പരിജ്ഞാനവും ആവശ്യമായ സൈബർ കുറ്റാന്വേഷണ മേഖലയിലേയ്ക്ക് സി.പി.ഒ. മുതലുള്ള പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനു മുൻപ് അവർക്ക് ഈ മേഖലയിൽ അടിസ്ഥാന സാങ്കേതിക യോഗ്യതയുണ്ടോയെന്ന് പരിശോധിക്കാറുള്ളതും, തുടർന്നും സാങ്കേതിക പരിജ്ഞാന പരീക്ഷകൾ നടത്തി അനുയോജ്യരായ ഉദ്യോഗസ്ഥരെ തിരഞ്ഞെടുത്ത് വീണ്ടും ആവശ്യമായ പ്രായോഗിക പരിജ്ഞാനം നൽകിയും വേണ്ട പരിശീലനം നൽകിയുമാണ് ഈ മേഖലയിൽ നിയോഗിക്കുന്നത്. |
| (ബി) | പ്രസ്തുത സേനയുടെ കീഴിലെ സൈബർ, ഇന്റലിജൻസ് തുടങ്ങിയ പ്രത്യേക പരിജ്ഞാനം ആവശ്യമുള്ള വിഭാഗങ്ങളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നേരിട്ട് തിരഞ്ഞെടുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ? | (ബി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ